നികുതി സ്റ്റേ

216 (562) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പാലാ, തൊടുപുഴ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, ഇടുക്കി, ഇരിങ്ങാലക്കുട, പൂഞ്ഞാർ, കോതമംഗലം, കടുത്തുരുത്തി എന്നീ നിയമസഭാ മണ്ഡലങ്ങളിലെ, വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് നികുതി സ്റ്റേ അനുവദിച്ചതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

സമ്പൂർണ്ണ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനം

217 (563) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവ് മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടില്ല. 31-1-2015 വരെയുള്ള വരുമാനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

31-1-2014- വരെയുള്ള വരുമാനം	: 840.31 കോടി
31-1-2015 വരെയുള്ള വരുമാനം	: 919.54 കോടി
വർദ്ധനവ്	: 79.23 കോടി

ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനം

218 (564) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനം എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly